പിറവം നിയോജകമണ്ഡലത്തിലെ നെച്ചൂർക്കടവ് പാലത്തിന്റെ നിർമ്മാണം

125 [1250] ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവം നിയോജകമണ്ഡലത്തിലെ നെച്ചൂർക്കടവ് പാലത്തിന്റെ നിർമ്മാണം എന്നാണ് ആരംഭിച്ചത് ;

(ബി) ഈ പാലത്തിന്റെ അടങ്കൽ തുക എത്രയാണ് ;

(സി) ഇതുവരെ പൂർത്തിയായ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ;

(ഡി) പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പണികൾ ആരംഭിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ കാരണമെന്താണ് ;

(എഫ്) അപ്രോച്ച് റോഡിന്റെ പണികൾ എന്നത്തേക്ക് ആരംഭിക്കും ;

(ജി) പാലത്തിന്റെ പണി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) നെച്ചൂർക്കടവ് പാലത്തിന്റെ നിർമ്മാണം 2/2005-ൽ ആരംഭിച്ചു.

(ബി) നാല് കോടി രൂപ.

(സി) ആറ് സ്ലാബുകളിൽ രണ്ടെണ്ണം പൂർത്തീകരിച്ചു. ബാക്കിയുള്ളതിന്റെ രണ്ട് ഐലന്റുകൾ പൂർത്തിയായി. ഫൗണ്ടേഷൻ ഒരെണ്ണം പൂർത്തീകരിച്ചു.

(ഡി) ആരംഭിച്ചിട്ടില്ല.

(ഇ) സ്ഥലം ഏറ്റെടുക്കൽ നടപടികൾ തീരാനുണ്ട്.

(എഫ്) ആവശ്യമായ ഭൂമി ഏറ്റെടുത്ത് കഴിഞ്ഞാലുടൻതന്നെ ആരംഭിക്കാനാകും.

(ജി) ആറ് മാസത്തിനകം തീർക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കാസറഗോഡ് ജില്ലയിലെ താന്നിയടി പാലത്തിന്റെ നിർമ്മാണം

126 [1251] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസറഗോഡ് ജില്ലയിലെ പെരിയ-ഒടയംചാൽ റോഡിൽ വരുന്ന താന്നിയടി പാലത്തിന്റെ നിർമ്മാണം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) മേൽപാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ ഇതുവരെ എൽ.ബി.എസ്. ആരംഭിച്ചിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇൻവെസ്റ്റിഗേഷൻ നടത്തി ഡിസൈൻ തയ്യാറാക്കുന്നതിലേക്കായി മറ്റേതെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഇൻവെസ്റ്റിഗേഷൻ നടപടികൾ എൽ.ബി.എസ്. ആരംഭിച്ചിട്ടുണ്ട്.

(സി) ഇൻവെസ്റ്റിഗേഷൻ നടത്തി ഡിസൈൻ തയ്യാറാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അന്ത്യോദയ അന്നയോജന പദ്ധതി

127 [1254] ശ്രീ. ടി. എം. ജേക്കബ് :

„ ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്ത്യോദയ അന്നയോജന പദ്ധതി പ്രകാരം ദാരിദ്യരേഖയ്ക്ക് താഴെയുള്ളവർക്ക് മൂന്ന് രൂപ വിലയ്ക്ക് അരി നൽകുന്ന പദ്ധതി എന്നാണ് ആരംഭിച്ചത് ;

(ബി) ദാരിദ്യരേഖയ്ക്ക് താഴെയുള്ളവരെ തെരഞ്ഞെടുത്തതിൽ നടന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കാമോ ;

(സി) കിലോയ്ക്ക് മൂന്ന് രൂപ നിരക്കിൽ കേരളത്തിൽ അരി ലഭിക്കുന്ന കുടുംബങ്ങളുടെ എണ്ണവും ജനസംഖ്യയും തിട്ടപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 25-2-2001-ൽ.

(ബി) ഉണ്ട്. ഈ ആക്ഷേപം പരിഹരിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങൾ സംബന്ധിച്ച് പല തലങ്ങളിലും ചർച്ചകൾ നടത്തുകയും ആദ്യപടിയായി ബി.പി.എൽ. വിഭാഗത്തിൽ അനർഹമായി ഉൾപ്പെട്ടിട്ടുള്ളവരെ കണ്ടെത്തി ഒഴിവാക്കുകയും പകരം അർഹരായവരെ ഉൾപ്പെടുത്തുന്നതുമായിരിക്കും ഉചിതമെന്നുള്ള നിഗമനത്തിലെത്തുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ബി.പി.എൽ. വിഭാഗക്കാരെ കണ്ടെത്തുന്നതിനുള്ള ചില മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും 5-1-2006-ലെ സ.ഉ. (സാധാ.) 4/06/ഭ.സി.സ.ഉ.ക.വ. നമ്പർ പ്രകാരം അവ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ബി.പി.എൽ. കാർഡുടമകളുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് ഒരു സത്യപ്രസ്താവന ഫോറം തയ്യാറാക്കി എല്ലാ ബി.പി.എൽ. കാർഡുടമകൾക്കും നൽകുകയും അവർ എഴുതി സമർപ്പിക്കുന്ന സത്യപ്രസ്താപന ഫോറം ഈ സർക്കാർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് അനർഹരെ ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മൂന്ന് രൂപ നിരക്കിൽ അരി ലഭിക്കുന്ന കുടുംബങ്ങളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ജനസംഖ്യ തിട്ടപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly